# നോമ്പ്

നോമ്പ്, വ്രതം എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന അറബിപദമാണ് صـــــــــوم. വർജ്ജിക്കുക, ഉപേക്ഷിക്കുക എന്നൊക്കെയാണ് ആ പദത്തിനർഥം. പ്രഭാതോദയം മുതൽ സൂര്യാസ്തമയം വരെ ഉദ്ദേശപൂർവ്വം ചില പ്രത്യേക കാര്യങ്ങൾ ഉപേക്ഷിക്കുകയാണ് നോമ്പ്. നോമ്പിന്റെ പ്രാധാന്യം സംബ ന്ധിച്ച് നബി(സ) പറയുന്നു:

**قَالَ اللّٰهُ عَزَّوَجَلَّ : كُلُّ عَمَلِ ابْنِ آدَمَ لَهُ إِلاَّ الصِّيَامُ فَإِنَّهُ لِي وَأَنَا أَجْزِي بِهِ وَالصِّيَامُ جُنَّةٌ فَإِذَا كَانَ يَوْمُ صَوْمِ أَحَدِكُمْ فَلاَ يَرْفُثْ وَلاَ يَصْخَبْ وَلاَ يَجْهَلْ فَإِنْ شَاتَمَهُ أَحَدٌ أَوْ قَاتَلَهُ فَلْيَقُلْ إِنِّي صَائِمٌ مَرَّتَيْنِ، وَالَّذِي نَفْسُ مُحَمَّدٍ بِيَدِهِ لَخُلُوفُ فَمِ الصَّائِمِ أَطْيَبُ عِنْدَ اللّٰهِ يَوْمَ الْقِيَامَةِ مِنْ رِيحِ الْمِسْكِ وَلِلصَّائِمِ فَرْحَتَانِ يَفْرَحُهُمَا إِذَا أَفْطَرَ فَرِحَ بِفِطْرِهِ وَإِذَا لَقِيَ رَبَّهُ فَرِحَ بِصَوْمِهِ (أحمد، مسلم، النسائي)**

(അല്ലാഹു പറഞ്ഞു: മനുഷ്യന്റെ ഏതു കർമവും അവന്നുള്ളതാണ്. നോമ്പൊഴികെ, അത് എനിക്കുള്ളതാണ്. ഞാൻ തന്നെ അതിന് മതിയായ പ്രതിഫലം നൽകും. നോമ്പ് ഒരു പരിചയാണ്. അതിനാൽ നിങ്ങളിൽ ആരു ടെയെങ്കിലും നോമ്പുദിനമായാൽ അവൻ അനാവശ്യം പറയരുത്. അട്ടഹ സിക്കരുത്. അവിവേകം ചെയ്യരുത്. ആരെങ്കിലും അവനെ അസഭ്യം പറയു കയോ അവനുമായി കലഹത്തിനൊരുങ്ങുകയോ ചെയ്താൽ താൻ നോമ്പു കാരനാണെന്ന് അവൻ രണ്ടുതവണ പറയട്ടെ. മുഹമ്മദിന്റെ ആത്മാവ് കൈ യിൽ വെച്ചിരിക്കുന്ന അല്ലാഹുവിൽ സത്യം. നോമ്പുകാരന്റെ വായയുടെ ഗന്ധം അന്ത്യനാളിൽ അല്ലാഹുവിങ്കൽ കസ്തൂരി ഗന്ധത്തെക്കാൾ ഹൃദ്യ മായിരിക്കും. നോമ്പുകാരന് രണ്ട് സന്തോഷാവസരമുണ്ട്. നോമ്പുതുറക്കു മ്പോൾ നോമ്പ് തുറന്ന സന്തോഷം. തന്റെ നാഥനെ കാണുമ്പോഴും നോമ്പ് കാരണമായി അവൻ സന്തോഷിക്കുന്നു.)

## നോമ്പിന്റെ ലക്ഷ്യം

കേവലം ഭക്ഷണപാനീയങ്ങളുപേക്ഷിക്കലല്ല നോമ്പ്. വ്രതാനുഷ്ഠാന ത്തിന് ഉന്നതലക്ഷ്യങ്ങളുണ്ട്. നോമ്പ് നിർബന്ധമാണെന്നറിയിക്കുന്ന ഖുർആൻ വാക്യം അതുൾക്കൊള്ളുന്നു.

**يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ كَمَا كُتِبَ عَلَى الَّذِينَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُونَ. (البقرة :١٨٣)**

(വിശ്വസിച്ചവരേ, നിങ്ങൾക്കു മുമ്പുള്ളവർക്കു നിയമമാക്കിയതുപോലെ നിങ്ങൾക്കും നോമ്പ് നിയമമാക്കിയിരിക്കുന്നു, നിങ്ങൾ സൂക്ഷ്മതയുള്ളവ രാകാൻ.)

വിശ്വാസികൾ 'തഖ്‌വ'യുള്ളവരായിത്തീരുകയാണ് വ്രതത്തിന്റെ ലക്ഷ്യ മെന്ന് ഈ ആയത്ത് വ്യക്തമാക്കുന്നു. നിരന്തരമായ ദൈവസ്മരണ, പരലോകബോധം, ജീവിതത്തിൽ മുഴുവൻ ദൈവ കൽപനകള നുസരിക്കുന്നതിലും അല്ലാഹു നിരോധിച്ചതോ, അവനിഷ്ടപ്പെടാത്തതോ ആയ പ്രവൃത്തികൾ വർജിക്കുന്നതിലും നിഷ്കർഷ എന്നിവ 'തഖ്‌വ'യിലുൾപ്പെടുന്നു. തെറ്റു ചെയ്യാനുള്ള പ്രേരണകളെ തടുത്തുനിർത്തി നല്ലതുമാത്രം ചെയ്യുന്നവരായി ത്തീരുകയാണ് തഖ്‌വയുടെ ഫലം. വ്രതമനുഷ്ഠിക്കുന്നവർ ജീവൻ നിലനി ല്ക്കാനാവശ്യമായ ഭക്ഷണപാനീയങ്ങളും അനുവദനീയമായ ഭാര്യാഭർതൃ സംസർഗവും ഒരു മാസക്കാലം പകൽസമയങ്ങളിൽ സ്വമേധയാ ഉപേക്ഷി ക്കുന്നു. ചീത്തവാക്കും ദുഷ്പ്രവൃത്തിയും വെടിയുന്നതും, വഴക്കും കലഹ വുമുപേക്ഷിക്കുന്നതും നോമ്പിന്റെ പൂർണതക്കനിവാര്യമാണ്. ഇങ്ങനെ വ്രതാനുഷ്ഠാനത്തിലൂടെ ആത്മസംയമനവും മനസ്സിന്റെയും ശരീരാവയവ ങ്ങളുടെയും നിയന്ത്രണവും സാധിക്കുമ്പോഴാണ് നോമ്പ് ചൈതന്യപൂർണ മാകുന്നത്.

**مَنْ لَمْ يَدَعْ قَوْلَ الزُّورِ وَالْعَمَلَ بِهِ فَلَيْسَ لِلّٰهِ حَاجَةٌ فِي أَنْ يَدَعَ طَعَامَهُ وَشَرَابَهُ (متفق عليه).**

(ആർ കള്ളവാക്കും പ്രവൃത്തിയും ഉപേക്ഷിച്ചില്ലയോ അവൻ ഭക്ഷണവും പാനീയവുമുപേക്ഷിക്കണമെന്ന് അല്ലാഹുവിന് ഒട്ടും താൽപര്യമില്ല.) എന്ന നബിവചനവും നോമ്പുമുഖേന ഉണ്ടായിത്തീരേണ്ട ജീവിതവിശുദ്ധിയെ കുറിക്കുന്നു.

വ്രതാനുഷ്ഠാനത്തിലൂടെ നേടുന്ന ആത്മനിയന്ത്രണവും സംസ്കരണ വും നോമ്പുകാലത്തുമാത്രമല്ല, ജീവിതത്തിലുടനീളം നിലനില്ക്കണം. നമ സ്കാരം, സകാത്ത്, ഹജ്ജ് എന്നീ മറ്റു പ്രധാന ഇബാദത്തുകളും മനുഷ്യ നെ തെറ്റുകളിൽനിന്ന് തടയുകയും ശുദ്ധീകരിക്കുകയും ചെയ്യുമെന്ന് ഖുർ ആൻ വ്യക്തമാക്കിയിട്ടുണ്ട്. നോമ്പിൽ ഈ സംസ്കരണ വശം കൂടുതൽ പ്രകടമാണ്.

## നോമ്പിന്റെ ഇനങ്ങൾ

നോമ്പിൽ നിർബന്ധവും ഐച്ഛികവുമുണ്ട്.

നിർബന്ധനോമ്പ് മൂന്ന് ഇനമുണ്ട്. 1) റമദാൻ വ്രതം, 2) പ്രായശ്ചിത്ത വ്രതം ( **الكفارة**) 3) നേർച്ചവ്രതം (**النذر**).

നോമ്പിന്റെ പൊതുവ്യവസ്ഥകൾ ഏതുതരം നോമ്പിനും ബാധകമാണ്. ഈ അധ്യായത്തിലെ പ്രതിപാദ്യം റമദാൻനോമ്പും

## റമദാൻ വ്രതം

ചന്ദ്രമാസങ്ങളിൽ ഒമ്പതാമത്തേതാണ് റമദാൻ. ഈ മാസത്തിൽ നോമ്പനുഷ്ടിക്കൽ മുസ്‌ലിം സ്ത്രീ–പുരുഷന്മാർക്ക് നിർബന്ധമാണ്.

ഖുർആൻ പറയുന്നു:

شَهْرُ رَمَضَانَ الَّذِي أُنْزِلَ فِيهِ الْقُرْآنُ هُدًى لِلنَّاسِ وَبَيِّنَاتٍ مِنَ الْهُدَى وَالْفُرْقَانِ فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ (البقرة : ١٨٥)

(മനുഷ്യർക്കു മാർഗദർശകമായും സത്യസന്ദേശത്തിലെ സുവ്യക്ത നിയമങ്ങളായും സത്യാസത്യ വിവേചകമായും ഖുർആൻ അവതീർണമായ മാസം റമദാനത്രെ. അതിനാൽ ആ മാസത്തിന് നിങ്ങളിൽ ആർ സാക്ഷി യാവുന്നുവോ അവൻ അതിൽ നോമ്പനുഷ്ഠിക്കണം.)

നബി (സ) പറയുന്നു:

بُنِيَ الْإِسْلَامُ عَلَى خَمْسٍ شَهَادَةُ أَنْ لاَ إِلَهَ إِلاَّ اللهُ وَأَنَّ مُحَمَّدًا رَسُولُ اللهِ وَإِقَامُ الصَّلاَةِ وَإِيتَاءُ الزَّكَاةِ وَصِيَامُ رَمَضَانَ وَحَجُّ الْبَيْتِ (رواه الشيخان)

(അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും മുഹമ്മദ് (സ) അല്ലാഹുവിന്റെ ദൂതനാണെന്നുമുള്ള സാക്ഷ്യപ്രഖ്യാപനം, നമസ്കാരനിർവഹണം, സകാത്ത് ദാനം, റമദാനിലെ വ്രതം, പരിശുദ്ധ ഭവനത്തിങ്കൽ ചെന്നുള്ള ഹജ്ജ് എന്നീ അഞ്ച് കാര്യങ്ങളിലാണ് ഇസ്‌ലാം പണിതിരിക്കുന്നത്.)

ഹിജ്റ രണ്ടാമാണ്ടിൽ ശഅ്ബാൻ രണ്ടിന് തിങ്കളാഴ്ചയാണ് റമദാൻ വ്രതം നിർബന്ധമാക്കിക്കൊണ്ടുള്ള പ്രഖ്യാപനമുണ്ടായത്.

## റമദാനിന്റെ മഹത്വം

റമദാൻ മാസത്തിന്റെ മഹത്വം എത്രത്തോളമാണെന്ന് താഴെ ഹദീഥിൽ വിവരിക്കുന്നതു കാണുക. അബൂഹുറൈറ (റ) പറയുന്നു:

إِنَّ النَّبِيَّ ﷺ قَالَ لَمَّا حَضَرَ رَمَضَانُ قَدْ جَائَكُمْ شَهْرٌ مُبَارَكٌ اِفْتَرَضَ اللهُ عَلَيْكُمْ صِيَامَهُ تُفْتَحُ فِيهِ أَبْوَابُ الْجَنَّةِ وَتُغْلَقُ فِيهِ أَبْوَابُ الْجَحِيمِ وَتُغَلُّ فِيهِ الشَّيَاطِين، فِيهِ لَيْلَةٌ خَيْرٌ مِنْ أَلْفِ شَهْرٍ مَنْ حُرِمَ خَيْرُهَا فَقَدْ حُرِمَ (أحمد، النسائي، البيهقي)

(റമദാൻമാസം ആസന്നമായപ്പോൾ നബി(സ) പറഞ്ഞു: ഒരു അനുഗ്ര ഹീതമാസം നിങ്ങളെ സമീപിച്ചിരിക്കുന്നു. അല്ലാഹു അതിൽ നിങ്ങൾക്ക് നോമ്പ് നിർബന്ധമാക്കി. അതിൽ സ്വർഗകവാടങ്ങൾ തുറന്നിടും. നരക കവാടങ്ങൾ അടച്ചിടുകയും പിശാചുക്കളെ ചങ്ങലക്കിടുകയും ചെയ്യും. ആയിരം മാസത്തെക്കാൾ മഹത്വമുള്ള ഒരു രാത്രിയുണ്ടതിൽ. അതിന്റെ നേട്ടം ആർക്ക് തടയപ്പെടുന്നുവോ അവന് എല്ലാ നന്മയും തടയപ്പെടും.)

മറ്റൊരു ഹദീഥിൽ നബി (സ) പറഞ്ഞു:

مَنْ صَامَ رَمَضَانَ إِيمَانًا وَاحْتِسَابًا غُفِرَلَهُ مَا تَقَدَّمَ مِنْ ذَنْبِهِ (أحمد وأصحاب السنن)

(റമദാനിൽ വിശ്വാസത്തോടും പ്രതിഫലേഛയോടും കൂടി ആരെങ്കിലും നോമ്പനുഷ്ഠിച്ചാൽ അവന്റെ മുൻകാല പാപം പൊറുത്തു കിട്ടും.)

## റമദാനിനെ അവഗണിച്ചാൽ

റമദാൻ വ്രതത്തെ അവഗണിക്കുന്നത് ഇസ്‌ലാമിനെത്തന്നെ അവഗണി ക്കുന്നതിന് തുല്യമാണ്. കാരണം ഇസ്‌ലാമിന്റെ അടിസ്ഥാന സ്തംഭങ്ങളി ലൊന്നാണ് റമദാൻ വ്രതം. നബി (സ) പറയുന്നു:

عُرَى الْإِسْلَامِ وَقَوَاعِدُ الدِّينِ ثَلاَثَةٌ عَلَيْهِنَّ أُسِّسَ الْإِسْلاَمُ، مَنْ تَرَكَ وَاحِدَةً مِنْهُنَّ فَهُوَ بِهَا كَافِرٌ حَلاَلُ الدَّمِ، شَهَادَةُ أَنْ لاَ إِلَهَ إِلاَّ اللهُ وَالصَّلاَةُ الْمَكْتُوبَةُ وَصَوْمُ رَمَضَانَ (أبو يعلى والديلمي)

(ഇസ്‌ലാമിന്റെ അടിസ്ഥാനാശ്രയവും ദീനിന്റെ അടിത്തറയും മൂന്ന് കാ ര്യമാണ്. അവയിലാണ് ഇസ്‌ലാം പണിതുയർത്തിയിരിക്കുന്നത്. അവയിൽ ഒന്നെങ്കിലും ഉപേക്ഷിക്കുന്നവൻ അതിന്റെ നിഷേധിയും വധാർഹനുമാണ്, അല്ലാഹുവല്ലാതെ ഇലാഹ് ഇല്ലെന്നുള്ള സാക്ഷ്യപ്രഖ്യാപനം, നിർബന്ധ നമസ്കാരം, റമദാൻ വ്രതം എന്നിവ.) റമദാനിൽ നോമ്പുപേക്ഷിക്കലും പരസ്യമായി ഭക്ഷണപാനീയങ്ങൾ കഴിക്കലും റമദാനെ അവഗണിക്കലും അനാദരിക്കലുമാണ്. അവ മുസ്‌ലിംകളിൽ നിന്ന് ഉണ്ടായിക്കൂടാ.

## മാസപ്പിറവി സ്ഥിരീകരണം

ശഅ്ബാൻ മാസം ഇരുപത്തി ഒമ്പതിന്റെ സൂര്യാസ്തമയത്തെ തുടർന്ന് വിശ്വസ്തനായ ഒരാളെങ്കിലും പടിഞ്ഞാറൻ ചക്രവാളത്തിൽ ഉദയചന്ദ്രനെ കാണുകയോ, അന്ന് ചന്ദ്രനെ കാണാതെ ശഅ്ബാൻ മാസം മുപ്പത് ദിവസം പൂർത്തിയാവുകയോ ചെയ്യുന്നതിലൂടെയാണ് റമദാൻമാസം തുടങ്ങിയ തായി സ്ഥിരീകരിക്കുന്നത്.

ഇബ്നു ഉമർ (റ) പറയുന്നു:

تَرَائَى النَّاسُ الْهِلاَلَ فَأَخْبَرْتُ رَسُولَ اللهِ ﷺ إِنِّي رَأَيْتُهُ فَصَامَ وَأَمَرَ النَّاسَ بِصِيَامِهِ (أبو داود، حاكم، ابن حبان)

(ജനങ്ങൾ ഉദയചന്ദ്രനെ കാണാൻ മത്സരിച്ചു. ഞാൻ അതുകണ്ട കാര്യം റസൂലി(സ)നോട് പറഞ്ഞു. തുടർന്ന് നബി(സ) നോമ്പനുഷ്ഠിച്ചു. നോമ്പ നുഷ്ഠിക്കാൻ ജനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തു.)

എന്നാൽ റമദാൻ അവസാനിച്ചു എന്ന് സ്ഥിരപ്പെടണമെങ്കിൽ ആ മാസം മുപ്പത് പൂർത്തിയാവുകയോ ഇരുപത്തിഒമ്പതിന്റെ സൂര്യാസ്തമയത്തെ തുടർന്ന് വിശ്വസ്തരായ രണ്ടാളെങ്കിലും ചന്ദ്രക്കല കാണുകയോ വേണം. അതും ഒരാൾ കണ്ടതാൽ മതിയെന്നും അഭിപ്രായമുണ്ട്.

## ഉദയസ്ഥാന വ്യത്യാസം

ഒരു നാട്ടിൽ മാസപ്പിറവി കണ്ടാൽ മറ്റു പ്രദേശത്തുകാർക്കും നോമ്പ് നിർബന്ധമാണ്, ഉദയസ്ഥാന വ്യത്യാസം പരിഗണിക്കേണ്ടതില്ല എന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരും പറയുന്നത്. എന്നാൽ ശാഫിഈ–ഹനഫി പക്ഷം ഒരുനാട്ടിൽ മാസപ്പിറവി കണ്ടാൽ അത് അവർക്കും അടുത്ത പ്രദേ ശങ്ങൾക്കും മാത്രമേ നിർബന്ധമാകയുള്ളുവെന്നാണ്.

മാസപ്പിറവി കണ്ടതായി ഉത്തരവാദപ്പെട്ടവർ സ്ഥിരീകരിച്ചിട്ടില്ലെങ്കിൽ പോലും കണ്ട ആൾ നോമ്പനുഷ്ഠിക്കണമെന്നാണ് പണ്ഡിതന്മാർ പൊതു വിൽ അഭിപ്രായപ്പെടുന്നത്. ശവ്വാൽ മാസപ്പിറവി കണ്ട ആൾ നോമ്പ് ഉപേ ക്ഷിക്കുകയും വേണം.

## നോമ്പിന്റെ രണ്ടു ഘടകങ്ങൾ:

**1) പ്രഭാതം മുതൽ സൂര്യാസ്തമയംവരെ ഭക്ഷ്യപേയങ്ങൾ, ലൈംഗിക വേഴ്ച ആദിയായി നോമ്പിനെ ഭംഗപ്പെടുത്തുന്ന കാര്യങ്ങളിൽ നിന്നെല്ലാം വിട്ടുനിൽക്കുക.** ഖുർആൻ പറയുന്നു:

**وَكُلُوا وَاشْرَبُوا حَتَّى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى الَّيْلِ (البقرة :١٨٧)**

(കറുപ്പ് രേഖയിൽനിന്ന് പ്രഭാതമാകുന്ന വെള്ളരേഖ വേർതിരിയും വരെ നിങ്ങൾക്ക് ഭക്ഷ്യപേയങ്ങളാവാം. പിന്നെ രാത്രിവരെ നോമ്പ് പൂർത്തി യാക്കുവീൻ.)

**2) നിയ്യത്ത്:**

അല്ലാഹുവിനുവേണ്ടി നോമ്പനുഷ്ഠിക്കുന്നു എന്ന് മനസാ തീരുമാനി ക്കുകയാണ് നിയ്യത്ത്. അതു നാവുകൊണ്ട് പറയേണ്ടതില്ല. ഏതു ആരാധനാ കാര്യത്തിലുമെന്നപോലെ നോമ്പിനും നിയ്യത്ത് നിർബന്ധമാണ്. പ്രഭാതോദയത്തിന് മുമ്പ് നിയ്യത്തുണ്ടായിരിക്കണം. നബി (സ) പറയുന്നു.

**مَنْ لَمْ يُجْمِعُ الصِّيَامَ قَبْلَ الْفَجْرِ فَلاَ صِيَامَ لَهُ (أحمد، وأصحاب السنن)**

(പ്രഭാതോദയത്തിനുമുമ്പ് നോമ്പനുഷ്ഠിക്കുമെന്ന് തീരുമാനിച്ചിട്ടില്ലാ ത്തവന് നോമ്പില്ല.) റമദാൻ ആരംഭിക്കുമ്പോൾ ആ മാസം നോമ്പനുഷ്ഠി ക്കുമെന്നു കരുതിയാൽ നിയ്യത്തായി. പ്രഭാതോദയത്തിനുമുമ്പ് നോമ്പനു ഷ്ഠിക്കുവാൻവേണ്ടി അത്താഴം കഴിച്ചാൽ അതു മതിയാകുമെന്നും പണ്ഡി തന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സുന്നത്തുനോമ്പിന് പ്രഭാതോദയശേഷം ഭക്ഷണമൊന്നും കഴിച്ചിട്ടില്ലെങ്കിൽ ഉച്ചയ്ക്കുമുമ്പ് എപ്പോഴെങ്കിലും തീരുമാ നിച്ചാലും മതി. ആയിശ (റ) പറയുന്നു:

**دَخَلَ عَلِيَّ رَسُولُ اللّهِ ﷺ ذَاتَ يَوْمٍ فَقَالَ: هَلْ عِنْدَكُمْ شَيْئٌ؟ قُلْنَا: لاَ قَالَ: فَإِنِّي صَائِمٌ (مسلم، أبوداود)**

(ഒരു ദിവസം നബി (സ) എന്റെ അടുത്ത് വന്നു. എന്നിട്ട് ചോദിച്ചു. നിങ്ങളുടെ പക്കൽ വല്ലതുമുണ്ടോ? ഞങ്ങൾ പറഞ്ഞു: ഇല്ല. എങ്കിൽ ഞാൻ നോമ്പുകാരനാണ്, നബി(സ) പറഞ്ഞു.)

## നിർബന്ധം ആർക്ക്?

നാട്ടിൽ സ്ഥിരവാസിയായ, ആരോഗ്യമുള്ള, പ്രായം തികഞ്ഞ ബുദ്ധിയുള്ള ഏതു മുസ്‌ലിമിനും നോമ്പ് നിർബന്ധമാണ്. സ്ത്രീകൾക്ക് ആർത്തവ- പ്രസവരക്തവേളയിൽ നോമ്പ് നിർബന്ധമല്ല. അമുസ്‌ലിം, കുട്ടി, ഭ്രാന്തൻ, രോഗി, യാത്രക്കാരൻ, പടുവൃദ്ധൻ, ഗർഭിണി, മുലയൂട്ടുന്നവൾ എന്നിവർ ക്കും നോമ്പ് നിർബന്ധമല്ല.

നോമ്പ് ഒരിസ്‌ലാമികാരാധനയാണ്. അതിനാൽ അമുസ്‌ലിമിന് നോമ്പ് നിർബന്ധമില്ല. പ്രായംതികയാത്തതാണ് കുട്ടികൾക്ക് നിർബന്ധമില്ലാതിരി ക്കാൻ കാരണം. ഭ്രാന്തന് ബുദ്ധിയില്ലാത്തതും. പരിശീലിപ്പിക്കാനായി കുട്ടി കളെ നമസ്കാരംപോലെ വ്രതവുമനുഷ്ഠിപ്പിക്കേണ്ടതാണ്. കുട്ടിക്കാല ത്തെ ശീലം വലുതായാലും നിലനില്ക്കുമല്ലോ.

രോഗിയും യാത്രക്കാരനും ആർത്തവമുള്ളവളും പ്രസവരക്തം നിലച്ചി ട്ടില്ലാത്തവളും തങ്ങൾക്ക് നഷ്ടപ്പെട്ട നോമ്പ് പിന്നീട് നോറ്റുവീട്ടണം. ഗർഭി ണിയും മുലയൂട്ടുന്നവളും അങ്ങനെതന്നെ ചെയ്യണം. പടുവൃദ്ധനും, ഭേദ പ്പെടുമെന്ന് പ്രതീക്ഷയില്ലാത്ത രോഗം ബാധിച്ചവനും പ്രായശ്ചിത്തമായി ഒരു നോമ്പിന് ഒരു അഗതിക്ക് എന്ന തോതിൽ ഭക്ഷണം നൽകണം. നോമ്പുകൊണ്ട് പ്രത്യേകിച്ച് പ്രയാസമുണ്ടാവുകയില്ലെന്ന് ബോധ്യമുള്ള യാത്രക്കാരൻ നോമ്പനുഷ്ഠിക്കുന്നതാണ് നല്ലത്. അല്ലാത്തവർ ഉപേക്ഷി ക്കുന്നതും.

## നോമ്പ് നിഷിദ്ധമായ ദിനങ്ങൾ

രണ്ട് പെരുന്നാൾ ദിനങ്ങളിലും തശ്‌രീഖിന്റെ ദിനങ്ങളിലും (ദുൽഹജ്ജു മാസം 11, 12, 13 ദിവസങ്ങൾ) നോമ്പനുഷ്ഠിക്കൽ ഹറാമാണ്. ഉമർ (റ) പറ യുന്നു:

**إِنَّ رَسُولَ اللّٰـهِ ﷺ نَهَى عَنْ صِيَامِ هٰـذَيْنِ الْيَوْمَيْنِ أَمَّا يَوْمُ الْفِطْرِ فَفِطْرُكُمْ مِنْ صَوْمِكُمْ وَأَمَّا يَوْمُ الْأَضْحَى فَكُلُوا مِنْ نُسُكِكُمْ (أحمد)**

(ഈ രണ്ട് ദിവസങ്ങളിലും വ്രതമനുഷ്ഠിക്കുന്നത് നബി(സ) നിരോധി ച്ചിട്ടുണ്ട്. ഫിത്ർദിനം നിങ്ങളുടെ നോമ്പ് ഉപേക്ഷിക്കാനുള്ളതാണ്. അദ്ഹാ ദിനം നിങ്ങളുടെ ബലി മാംസം തിന്നു കൊള്ളുക.)

അബൂഹുറൈറ(റ) പറയുന്നു:

**إِنَّ رَسُولَ اللّٰـهِ ﷺ بَعَثَ عَبْدَ اللّهِ بْنِ حُذَافَةَ يَطُوفُ فِي مِنًى أَنْ لاَ تَصُومُوا هَذِهِ الْأَيَّامَ فَإِنَّهَا أَيَّامُ أَكْلٍ وَشُرْبٍ وَذِكْرِ اللّهِ عَزَّوَجَلَّ (أحمد)**

(ഈ ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കരുത്, ഇവ തിന്നാനും കുടി ക്കാനും അല്ലാഹുവിനെ സ്മരിക്കാനുമുള്ള ദിവസങ്ങളാണ് എന്ന് മിനാ യിൽ ചുറ്റിക്കറങ്ങി വിളംബരം ചെയ്യാൻ നബി(സ) അബ്ദുല്ലാഹിബ്നു ഹുദാഫയെ നിയോഗിച്ചു)

വെള്ളി, ശനി ദിവസങ്ങളിൽ ഒന്നിൽ മാത്രമായും ശഅ്ബാൻ മുപ്പതോ റമദാൻ ഒന്നോ എന്ന് സംശയിക്കുന്ന ദിവസത്തിലും നോമ്പനുഷ്ഠിക്കു ന്നതും നിരോധിച്ചിട്ടുണ്ട്. ജാബിർ (റ) പറയുന്നു:

(വെള്ളിയാഴ്ച മാത്രമായി തൊട്ടുമുമ്പോ പിമ്പോ ഉള്ള ദിവസവുമായി ചേർത്തുകൊണ്ടല്ലാതെ നിങ്ങൾ നോമ്പനുഷ്ഠിക്കരുത്.)

സമ്മാഅ് (റ) ഉദ്ധരിക്കുന്നു:

إِنَّ رَسُولَ اللَّهِ ﷺ قَالَ: لاَ تَصُومُوا يَوْمَ السَّبْتِ إِلاَّ فِيمَا افْتَرَضَ عَلَيْكُمْ وَإِنْ لَمْ يَجِدْ أَحَدُكُمْ إِلاَّ لُحَاءَ عِنَبٍ أَوْ عُودَ شَجَرَةٍ فَلْيَمْضَغْهُ (أحمد، وأصحاب السنن)

(റസൂൽ (സ) പറഞ്ഞു: നിങ്ങൾക്കു നിർബന്ധമുള്ളതല്ലാത്ത ഒരു നോ മ്പും ശനിയാഴ്ച ദിവസം അനുഷ്ഠിക്കരുത്. മുന്തിരിത്തോടോ ചെടിക്കമ്പോ മാത്രമാണ് ഒരാൾക്ക് കിട്ടിയതെങ്കിൽ അയാൾ അതെങ്കിലും കടിച്ച് ചവ യ്ക്കട്ടെ.)

അമ്മാറുബ്നു യാസിർ (റ) പറയുന്നു:

مَنْ صَامَ الْيَوْمَ الَّذِي شَكَّ فِيهِ فَقَدْ عَصَى أَبَا الْقَاسِمِ ﷺ (أصحاب السنن)

(സംശയനാളിൽ നോമ്പനുഷ്ഠിച്ചവൻ അബുൽഖാസിമി(സ)നെ ധിക്ക രിച്ചു.) ഈ ദിവസങ്ങളിൽ നോമ്പ് നിഷിദ്ധമല്ല. അനഭികാമ്യം (كراهة) ആണ്.

ഭർത്താവ് സ്ഥലത്തുണ്ടായിരിക്കെ അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ഭാര്യ സുന്നത്ത് നോമ്പനുഷ്ഠിക്കരുത്. നബി (സ) പറഞ്ഞതായി അബൂഹു റൈറ (റ) ഉദ്ധരിക്കുന്നു.

لاَ تَصُمِ الْمَرْأَةُ يَوْمًا وَاحِدًا وَزَوْجُهَا شَاهِدٌ إِلاَّ بِإِذْنِهِ إِلاَّ رَمَضَانَ (أحمد، البخاري، مسلم)

(ഭർത്താവ് സന്നിഹിതനായിരിക്കേ അദ്ദേഹത്തിന്റെ അനുവാദമില്ലാതെ ഭാര്യ റമദാനിലൊഴികെ ഒറ്റദിവസവും നോമ്പനുഷ്ഠിക്കരുത്.)

## നിത്യവ്രതം

ഇബാദത്തുകളിൽപോലും മിതത്വം പാലിക്കണമെന്നാണ് ഇസ്ലാം പഠി പ്പിക്കുന്നത്. വർഷം മുഴുവൻ നിത്യവും നോമ്പനുഷ്ഠിക്കുന്നത് അനുവദ നീയമല്ല. അതിനാൽ കൂടുതൽ നോമ്പെടുക്കാനാഗ്രഹിക്കുന്നവർ ചന്ദ്രമാ സത്തിലെ 13, 14, 15 ദിനങ്ങളിലായി മാസംതോറും മൂന്നു നോമ്പോ, തിങ്കൾ, വ്യാഴം ദിവസങ്ങളിലായി ആഴ്ച തോറും രണ്ട് നോമ്പുവീതമോ അനുഷ്ഠി ക്കുന്നതാണുത്തമം. അതിൽ കൂടുതൽ ഉദ്ദേശിക്കുന്നുവെങ്കിൽ ഇടവിട്ട ദിനങ്ങളിൽ അനുഷ്ഠിക്കുന്നതേ അനുവദിച്ചിട്ടുള്ളൂ.

لاَ صَامَ مَنْ صَامَ الدَّهْرَ (എന്നെന്നും നോമ്പനുഷ്ഠിച്ചവൻ നോമ്പനുഷ്ഠിച്ചി ട്ടില്ല) എന്ന് നബി (സ) പ്രസ്താവിച്ചിട്ടുണ്ട്.

ഇടയ്ക്ക് രാത്രിപോലും ഭക്ഷണം കഴിക്കാതെ രണ്ടുദിവസം ചേർത്തു നോമ്പനുഷ്ഠിക്കുന്നതും നിഷിദ്ധമാണ്. ഇതിന് وصال എന്ന് പറയുന്നു. നബി (സ)യിൽനിന്ന് അബൂസഈദിൽ ഖിദ്‌രി (റ) ഉദ്ധരിക്കുന്നു.

لاَ تُوَاصِلُوا فَأَيُّكُمْ أَرَادَ أَنْ يُوَاصِلَ فَلْيُوَاصِلْ حَتَّى السَّحَرِ (البخاري)

(നിങ്ങൾ (ഒരു നോമ്പിനെ അടുത്ത നോമ്പുമായി) കൂട്ടിച്ചേർക്കരുത്. ആരെങ്കിലും അങ്ങനെ കൂട്ടിച്ചേർക്കുന്നുവെങ്കിൽ അത്താഴസമയംവരെ ചേർത്തുകൊള്ളട്ടെ.)

## സുന്നത്തു നോമ്പ്

വർഷത്തിൽ ചില പ്രത്യേക ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കൽ സുന്ന ത്താണ്. ആ ദിവസങ്ങൾ താഴെ പറയുന്നു.

1. ശവ്വാൽമാസത്തിലെ ആറുദിവസം. നബി (സ) പറഞ്ഞതായി അബൂ അയ്യൂബിൽ അൻസാരി (റ) ഉദ്ധരിക്കുന്നു.

مَنْ صَامَ رَمَضَانَ ثُمَّ أَتْبَعَهُ سِتًّا مِنْ شَوَّالٍ فَكَأَنَّمَا صَامَ الدَّهْرَ (مسلم)

(റമദാൻ മാസത്തിലും തുടർന്ന് ശവ്വാൽ മാസത്തിൽ ആറുദിവസവും നോമ്പനുഷ്ഠിച്ചാൽ കാലം മുഴുവൻ നോമ്പനുഷ്ഠിച്ചതിന് തുല്യമാണ്.)

2. ദുർഹിജ്ജ മാസത്തിലെ ആദ്യത്തെ ഒമ്പതു ദിവസവും – അതിൽ അറഫാദിനം വിശേഷിച്ചും.
3. മുഹറം മാസം പത്തിന്.
4. ഓരോ മാസത്തിലും മൂന്നുദിവസം. നബി(സ) പറഞ്ഞതായി അബൂ ഖതാദഃ(റ) ഉദ്ധരിക്കുന്നു.

صَوْمُ يَوْمِ عَرَفَةَ يُكَفِّرُ سَنَتَيْنِ مَاضِيَةً وَمُسْتَقْبَلَةً وَصَوْمُ يَوْمِ عَاشُورَاءَ يُكَفِّرُ سَنَةً مَاضِيَةً (الترمذي)

(അറഫാദിനത്തിലെ നോമ്പ് കഴിഞ്ഞതും വരാനിരിക്കുന്നതുമായ രണ്ട് വർഷത്തെ പാപം പൊറുപ്പിക്കും. മുഹർറം പത്തിലെ നോമ്പ് കഴിഞ്ഞ ഒരു വർഷത്തെ പാപം പൊറുപ്പിക്കും.)

ഹഫ്സ (റ) പറയുന്നു.

أَرْبَعٌ لَمْ يَكُنْ يَدَعُهُنَّ رَسُولُ اللهِ ﷺ صِيَامُ عَاشُورَاءَ وَالْعَشْرِ وَ ثَلاَثَةِ أَيَّامٍ مِنْ كُلِّ شَهْرٍ وَالرَّكْعَتَيْنِ قَبْلَ الْغَدَاةِ (أحمد والنسائي)

നബി(സ) നാലു കാര്യങ്ങൾ ഉപേക്ഷിച്ചിരുന്നില്ല. മുഹർറം പത്തിലെയും, ദുൽഹിജ്ജ മാസത്തെ ആദ്യത്തെ പത്തുദിവസത്തെയും ഓരോ മാസവും മൂന്ന് ദിവസത്തെയും നോമ്പും, സുബ്ഹ് നമസ്കാരത്തിനുമുമ്പ് രണ്ട് റക് അത്ത് നമസ്കാരവും. അറഫാനോമ്പ് ഹജ്ജിൽ ഏർപ്പെട്ടിട്ടില്ലാത്തവർക്കാ ണ് സുന്നത്ത്. ഹാജിമാർ അത് അനുഷ്ഠിക്കേണ്ടതില്ല. അബൂഹുറൈറ (റ) പറയുന്നു.

نَهَى رَسُولُ اللهِ ﷺ عَنْ صَوْمِ يَوْمِ عَرَفَةَ بِعَرَفَاتٍ (أحمد وأبوداود والسائي و ابن ماجه)

(അറഫയിൽവെച്ച് അറഫാനാളിൽ നോമ്പനുഷ്ഠിക്കുന്നത് നബി (സ) നിരോധിച്ചിരിക്കുന്നു.)

## മുഹർറം ഒമ്പത്

قَالَ رَسُولُ اللّٰهِ ﷺ لَئِنْ بَقِيتُ إِلَى قَابِلٍ لَأَصُومَنَّ التَّاسِعَ (أحمد، ومسلم)

റസൂലുല്ലാഹ് (സ) പറഞ്ഞു: (അടുത്ത കൊല്ലം ജീവിച്ചിരിക്കുമെങ്കിൽ മുഹർറം ഒമ്പതിനും ഞാൻ നോമ്പനുഷ്ഠിക്കും.)

## തിങ്കളാഴ്ചയും വ്യാഴാഴ്ചയും

അബൂഹുറൈറ (റ) പറയുന്നു:

إِنَّ النَّبِيَّ ﷺ كَانَ أَكْثَرُ مَا يَصُومُ الْإِثْنَيْنِ وَالْخَمِيسَ فَقِيلَ لَهُ فَقَالَ: إِنَّ الْأَعْمَالَ تُعْرَضُ كُلَّ اثْنَيْنِ وَخَمِيسٍ فَيَغْفِرُ اللّٰهُ لِكُلِّ مُسْلِمٍ إِلَّا الْمُتَهَاجِرَيْنِ فَيَقُولُ: أَخِّرْهُمَا (أحمد)

(നബി(സ) അധികവും നോമ്പനുഷ്ഠിച്ചിരുന്നത് തിങ്കളാഴ്ചയും വ്യാഴാ ഴ്ചയുമാണ്. അതു സംബന്ധിച്ച് അന്വേഷിച്ചപ്പോൾ നബി(സ) പറഞ്ഞു: എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും കർമങ്ങൾ അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കപ്പെടും. പരസ്പരം പിണങ്ങിനില്ക്കുന്നവരല്ലാത്ത എല്ലാ മുസ്ലി മിനും അല്ലാഹു അതുവഴി പൊറുത്തുകൊടുക്കും. പിണങ്ങിയവരുടെ കാര്യത്തിൽ അല്ലാഹു പറയും: അവരുടെ കാര്യം മാറ്റിവെച്ചേക്കുക.)

## ഓരോ മാസവും മൂന്ന് ദിവസം

അബൂദർറുൽ ഗിഫാരി (റ) പറയുന്നു:

أَمَرَنَا رَسُولُ اللّٰهِ ﷺ أَنْ نَصُومَ مِنَ الشَّهْرِ ثَلَاثَةَ أَيَّامِ الْبِيضِ: ثَلَاثَ عَشَرَةَ وَأَرْبَعَ عَشَرَةَ وَخَمْسَ عَشَرَةَ وَقَالَ: هِيَ كَصَوْمِ الدَّهْرِ (النسائي)

(മാസത്തിലെ വെളുത്ത മൂന്ന് നാളുകളിൽ (പതിമൂന്ന്, പതിനാല്, പതി നഞ്ച്) നോമ്പനുഷ്ഠിച്ചുകൊള്ളാൻ നബി (സ) ഞങ്ങളോട് ആജ്ഞാപിച്ചു. അതു കാലം മുഴുവൻ നോമ്പെടുക്കുന്നതിന് തുല്യമാണെന്നും അദ്ദേഹം പറഞ്ഞു.)

## ശഅ്ബാനിൽ അധികദിനങ്ങളിലും

ആയിശ (റ) പറയുന്നു:

مَا رَأَيْتُ رَسُولَ اللّٰهِ ﷺ اِسْتَكْمَلَ صِيَامَ شَهْرٍ قَطُّ إِلَّا شَهْرَ رَمَضَانَ وَمَا رَأَيْتُهُ فِي شَهْرٍ أَكْثَرَ مِنْهُ صِيَامًا فِي شَعْبَانَ (متفق عليه)

(റമദാനല്ലാത്ത ഏതെങ്കിലും മാസത്തിൽ തീർത്തും നബി (സ) നോമ്പ നുഷ്ഠിച്ച് ഞാൻ കണ്ടിട്ടില്ല. ശഅ്ബാനിലേതുപോലെ മറ്റേതെങ്കിലും മാസ ത്തിൽ കൂടുതൽ ദിവസം നബി(സ) നോമ്പനുഷ്ഠിച്ചും ഞാൻ കണ്ടിട്ടില്ല.) റജബ് മാസത്തിൽ പ്രത്യേകിച്ച് ഒരു നോമ്പുമില്ല.

റമദാനും പുറമെ മുകളിൽ വിവരിച്ച സുന്നത്തുനോമ്പുകളുമനുഷ്ഠിച്ചാൽ മതിയാകുന്നതാണ്. നോമ്പ് വർധിപ്പിക്കണമെന്ന് ആഗ്രഹമുള്ളവർ ഇടവിട്ട ദിവസങ്ങളിൽ നോമ്പനുഷ്ഠിക്കുകയും ഉപേക്ഷിക്കുകയും ചെയ്യാം. നബി (സ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറ് (റ) ഉദ്ധരിക്കുന്നു:

أَحَبُّ الصِّيَامِ إِلَى اللّٰهِ صِيَامُ دَاوُدَ، وَأَحَبُّ الصَّلَاةِ إِلَى اللّٰهِ صَلَاةُ دَاوُدَ كَانَ يَنَامُ نِصْفَهُ وَيَقُومُ ثُلُثَهُ وَيَنَامُ سُدُسَهُ وَكَانَ يَصُومُ يَوْمًا وَيُفْطِرُ يَوْمًا (أحمد)

(നോമ്പിൽ അല്ലാഹുവിന് ഏറെ ഇഷ്ടം ദാവൂദിന്റെ നോമ്പാണ്. നമസ് കാരത്തിൽ അല്ലാഹുവിന് ഏറെ ഇഷ്ടം ദാവൂദിന്റെ നമസ്കാരമാണ്. അദ്ദേഹം രാത്രിയുടെ പാതിഭാഗം ഉറങ്ങും. പിന്നെ മൂന്നിലൊരു ഭാഗം നമ സ്കരിക്കും. പിന്നെ ആറിലൊന്ന് ഉറങ്ങും. ഒരുനാൾ നോമ്പനുഷ്ഠിക്കും. ഒരുനാൾ നോമ്പ് ഒഴിവാക്കും.)

## സുന്നത്തുനോമ്പ് മുറിക്കൽ

മറ്റുള്ളവരുടെ സൽക്കാരം സ്വീകരിക്കാനായി സുന്നത്തുനോമ്പ് ഇട യ്ക്കുവെച്ച് മുറിക്കാവുന്നതാണ്. പകരം മറ്റൊരു ദിവസം അനുഷ്ഠിച്ചാൽ മതി. ഉമ്മുഹാനിഅ് (റ) പറയുന്നു:

إِنَّ رَسُولَ اللّٰهِ ﷺ دَخَلَ عَلَيْهَا يَوْمَ الْفَتْحِ فَأُتِيَ بِشَرَابٍ فَشَرِبَ ثُمَّ نَاوَلَنِي فَقُلْتُ: إِنِّي صَائِمَةٌ فَقَالَ: إِنَّ الْمُتَطَوِّعَ أَمِيرٌ عَلَى نَفْسِهِ فَإِنْ شِئْتِ فَصُومِي وَإِنْ شِئْتِ فَأَفْطِرِي (أحمد والدارقطني والبيهقى)

(മക്കാവിജയനാളിൽ നബി(സ) എന്റെ അടുത്തുവന്നു. കുടിക്കാൻ പാനീയം കൊണ്ടുവന്നു. നബി(സ) കുടിച്ചു. എന്നിട്ടത് എനിക്ക് വെച്ചുനീട്ടി. ഞാൻ പറഞ്ഞു: ഞാൻ നോമ്പുകാരിയാണ്. നബി(സ) പറഞ്ഞു: സുന്നത്ത് നോമ്പെടുത്തയാൾക്ക് സ്വന്തം കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാ രമുണ്ട്. അതിനാൽ നിനക്കിഷ്ടമെങ്കിൽ നോമ്പ് പൂർത്തിയാക്കാം. നിനക്കി ഷ്ടമെങ്കിൽ നോമ്പ് മുറിക്കുകയു മാവാം.)

## നോമ്പിന്റെ മര്യാദകൾ

നോമ്പനുഷ്ഠിക്കുന്നവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളാണ് ചുവടെ.

1. പാതിരാ ഭക്ഷണം (السحور)

നോമ്പനുഷ്ഠിക്കുന്നവർ വെളുപ്പാൻ നേരത്തിന് മുമ്പായി എന്തെങ്കിലും ഭക്ഷിക്കുന്നതു നല്ലതാണ്. രാത്രി പാതിയായതുമുതൽ പ്രഭാതോദയത്തിനു മുമ്പുവരെയാണ് അതിന്റെ സമയം. നബി(സ) പറഞ്ഞതായി അബൂസഈ ദിൽ ഖിദ്‌രി (റ) പറയുന്നു:

السُّحُورُ بَرَكَةٌ فَلَا تَدَعُوهُ وَلَوْ أَنْ يُجَرِّعَ أَحَدُكُمْ جَرْعَةَ مَاءٍ فَإِنَّ اللّٰهَ وَمَلَئِكَتَهُ يُصَلُّونَ عَلَى الْمُتَسَحِّرِينَ (أحمد)

(പാതിരാഭക്ഷണം അനുഗ്രഹമാണ്. അതിനാൽ അതു ഉപേക്ഷിക്കരുത്. അത് ഒരിറക്ക് വെള്ളം കുടിച്ചുകൊണ്ടായാലും മതി.

കാരണം പാതിരാ ഭക്ഷണം കഴിക്കുന്നവരെ അല്ലാഹു അനുഗ്രഹിക്കുന്നു. മലക്കുകൾ അവർ ക്ക് അനുഗ്രഹത്തിനായി പ്രാർഥിക്കുന്നു.)

കിഴക്കെ ചക്രവാളത്തിൽ പ്രകാശത്തിന്റെ ആദ്യകിരണങ്ങൾ പ്രത്യക്ഷ പ്പെടുന്നതാണ് പ്രഭാതം. പ്രഭാതമായെന്ന് മനസ്സിലാകുംവരെ ഭക്ഷണം കഴിക്കാം. അതുവഴി നോമ്പിന് ഭംഗം വരുന്നില്ല. പ്രഭോതോദയത്തിനു ശേഷം ഭക്ഷണം കഴിക്കാവതല്ല.

ഖുർആൻ പറയുന്നു:

وَكُلُوا وَاشْرَبُوا حَتَى يَتَبَيَّنَ لَكُمُ الْخَيْطُ الْأَبْيَضُ مِنَ الْخَيْطِ الْأَسْوَدِ مِنَ الْفَجْرِ ثُمَّ أَتِمُّوا الصِّيَامَ إِلَى اللَّيْلِ (البقرة)

(കറുത്ത രേഖയിൽനിന്ന് പ്രഭാതമാകുന്ന വെള്ളിരേഖ പ്രത്യക്ഷപ്പെട്ട തായി നിങ്ങൾക്ക് വ്യക്തമാകുംവരെ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക. പിന്നെ രാത്രിവരെ നോമ്പ് പൂർത്തിയാക്കുക)

ഈ ഭക്ഷണം പ്രഭാതോദയത്തിന് തൊട്ടുമുമ്പാവുന്നതാണ് ഉത്തമം. അംറുബ്നു മൈമൂൻ (റ) പറയുന്നു:

كَانَ أَصْحَابُ مُحَمَّدٍ ﷺ أَعْجَلَ النَّاسِ إِفْطَارًا وَأَبْطَأَهُمْ سُحُورًا (البيهقي)

(നബി(സ)യുടെ അനുചരന്മാർ വേഗം നോമ്പ് മുറിക്കുന്നവരും വൈകി മാത്രം പാതിരാ ഭക്ഷണം കഴിക്കുന്നവരുമായിരുന്നു.)

**2. അസ്തമയം ഉറപ്പായാൽ വേഗം നോമ്പ് മുറിക്കുക.** നബി (സ) പറഞ്ഞതായി സഹ്‌ലുബ്നു സഅദ് (റ) ഉദ്ധരിക്കുന്നു:

لاَ يَزَالُ النَّاسُ بِخَيْرٍ مَا عَجَّلُوا الْفِطْرَ (متفق عليه)

(വേഗത്തിൽ നോമ്പ് മുറിക്കുന്ന കാലത്തോളം ജനങ്ങൾ നന്മയിലായി രിക്കും.)

നോമ്പ് മുറിക്കുന്നത് ഈത്തപ്പഴം തിന്നുകൊണ്ടോ അതില്ലാത്തപക്ഷം വെള്ളം കുടിച്ചുകൊണ്ടോ ആവുന്നതും ഈത്തപ്പഴം ഒന്ന്, മൂന്ന് എന്നിങ്ങ നെ ഒറ്റയാവുന്നതും നല്ലതാണ്. അനസ് (റ) പറയുന്നു:

كَانَ رَسُولُ اللَّهِ ﷺ يُفْطِرُ عَلَى رَطَبَاتٍ قَبْلَ أَنْ يُصَلِّيَ فَإِنْ لَمْ تَكُنْ فَعَلَى تَمَرَاتٍ فَإِنْ لَمْ تَكُنْ حَسَا حَسَوَاتٍ مِنْ مَاءٍ (أبوداود والحاكم والترمذي)

(നബി(സ) നമസ്കരിക്കുംമുമ്പ് ഏതാനും 'റുത്വബ്'1 തിന്നുകൊണ്ട് നോമ്പു മുറിക്കുകയായിരുന്നു പതിവ്. 'റുത്വബ്' ഇല്ലെങ്കിൽ ഈത്തപ്പഴം തിന്നുകൊണ്ട്. അതുമില്ലെങ്കിൽ ഏതാനും ഇറക്ക് വെള്ളം കുടിക്കും.)

ഇവ്വിധം ലഘുവായി നോമ്പ് തുറന്ന് നമസ്കരിച്ചശേഷം ആവശ്യത്തിന് ഭക്ഷണം കഴിക്കുന്നതാണ് നല്ലത്. ഭക്ഷണം എടുത്തുവെച്ചിട്ടുണ്ടെങ്കിൽ ഭക്ഷണാനന്തരം നമസ്കരിക്കുന്നതാണ് ഉത്തമം. നബി(സ) പറഞ്ഞതായി അനസ് (റ) ഉദ്ധരിക്കുന്നു:

إِذَا قَدِمَ الْعَشَاءُ فَابْدَؤُا بِهِ قَبْلَ صَلاَةِ الْمَغْرِبِ وَلاَ تَعْجَلُوا عَنْ عَشَائِكُمْ (الشيخان)

(ഭക്ഷണം മുമ്പിൽ കൊണ്ടുവെച്ചിട്ടുണ്ടെങ്കിൽ മഗ്‌രിബ് നമസ്കരിക്കും മുമ്പ് നിങ്ങൾ അതു കഴിച്ച് തുടങ്ങുക. ഭക്ഷണത്തിനുമുമ്പ് ധൃതിയിൽ നമസ്കരിക്കണമെന്നില്ല.)

**3. നോമ്പ് സമയങ്ങളിലും നോമ്പ് മുറിക്കുമ്പോഴും പ്രാർഥിക്കുക.** നബി (സ) പറയുന്നു:

ثَلاَثَةٌ لاَ تُرَدُّ دَعْوَتُهُمُ الصَّائِمُ حَتَّى يُفْطِرَ وَالْإِمَامُ الْعَادِلُ وَالْمَظْلُومُ (الترمذي)

(മൂന്നുപേരുടെ പ്രാർഥന തള്ളിക്കളയുകയില്ല. നോമ്പുകാരന്റെ പ്രാർ ഥന, അയാൾ നോമ്പുമുറിക്കുംവരെ; നീതിമാനായ ഭരണാധികാരി; മർദ്ദി തൻ.)

**4. നോമ്പിന് ഇണങ്ങാത്ത കാര്യങ്ങൾ ഉപേക്ഷിക്കുക.** നബി (സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

لَيْسَ الصِّيَامُ مِنَ الْأَكْلِ وَالشُّرْبِ إِنَّمَا الصِّيَامُ مِنَ اللَّغْوِ وَالرَّفَثِ فَإِنْ سَابَّكَ أَحَدٌ أَوْ جَهِلَ عَلَيْكَ فَقُلْ إِنِّي صَائِمٌ إِنِّي صَائِمٌ (ابن خزيمة وابن حبان والحاكم)

(തീനും കുടിയും ഉപേക്ഷിക്കലല്ല വ്രതം. അനാവശ്യ വാക്കും പ്രവർ ത്തിയും ഉപേക്ഷിക്കലാണ് വ്രതം. ആരെങ്കിലും നിന്നെ അസഭ്യം പറഞ്ഞാൽ അല്ലെങ്കിൽ നിന്നോട് അവിവേകം ചെയ്താൽ ഞാൻ നോമ്പുകാരനാണ്, ഞാൻ നോമ്പുകാരനാണ് എന്ന് പറഞ്ഞേക്കുക.)

**5. നോമ്പുള്ളപ്പോൾ പല്ലുതേച്ച് വായ വൃത്തിയാക്കുക.** ഉച്ചയ്ക്കു മുമ്പ്, ശേഷം എന്ന ഭേദം ഇക്കാര്യത്തിലില്ല. ആമിറുബ്നു റബീഅ (റ) പറ യുന്നു:

رَأَيْتُ رَسُولَ اللَّهِ ﷺ مَالاَ أُحْصِي يَتَسَوَّكُ وَهُوَ صَائِمٌ (أحمد ابوداود والترمذي)

(കണക്കാക്കാനാവാത്തത്ര തവണ, നോമ്പുകാരനായിരിക്കെ നബി (സ) ദന്തശുദ്ധി വരുത്തുന്നതു ഞാൻ കണ്ടിട്ടുണ്ട്.)

**6. ഖുർആൻ പഠന പാരായണവും ദാനവും**

ഖുർആൻ പഠനം, പാരായണം, ദാനം എന്നിവയ്ക്ക് നോമ്പുകാലത്ത് സവിശേഷ പ്രാധാന്യമുണ്ട്. ഇബ്നു അബ്ബാസ് (റ) പറയുന്നു:

كَانَ رَسُولُ اللَّهِ ﷺ أَجْوَدَ النَّاسِ وَكَانَ أَجْوَدَ مَا يَكُونُ فِي رَمَضَانَ حِينَ يَلْقَى جِبْرِيلَ وَكَانَ يَلْقَاهُ فِي كُلِّ لَيْلَةٍ مِنْ رَمَضَانَ فَيُدَارِسُهُ الْقُرْآنَ فَلَرَسُولُ اللَّهِ ﷺ أَجْوَدُ بِالْخَيْرِ مِنَ الرِّيحِ الْمُرْسَلَةِ (البخاري)

(നബി (സ) ജനങ്ങളിൽ ഏറ്റവും വലിയ ഉദാരനായിരുന്നു. നബി(സ) കൂടുതൽ ഉദാരനാവുക റമദാനിൽ ജിബ്‌രീൽ തന്നെ വന്നുകാണുമ്പോഴാ യിരുന്നു. ജിബ്‌രീലാകട്ടെ റമദാനിൽ എല്ലാ രാത്രിയിലും നബി(സ)യുടെ അടുക്കൽ വന്ന് ഖുർആൻ പാരായണം ചെയ്യിക്കും. അപ്പോൾ നബി(സ) അടിച്ചുവീശുന്ന കാറ്റിനെക്കാൾ ഉദാരനായിരിക്കും.)

7. **റമദാനിന്റെ അവസാനത്തെ പത്തുദിവസങ്ങളിൽ ആരാധനയിൽ കൂടുതൽ മുഴുകുക.** ആയിശ (റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ كَانَ إِذَا دَخَلَ الْعَشْرُ الْأَوَاخِرُ أَحْيَى اللَّيْلَ وَأَيْقَظَ أَهْلَهُ وَشَدَّ الْمِئْزَرَ (متفق عليه)**

(അവസാനത്തെ പത്തുദിവസങ്ങളിൽ നബി(സ) രാത്രി സജീവമാക്കും. വീട്ടുകാരെ വിളിച്ചുണർത്തും, അരമുറുക്കിയുടുക്കും.) രാത്രി നമസ്കാരം, ദീർഘമായ ഖുർആൻ പാരായണം, ദിക്ർ, ദുആ എന്നിവ അധികരിപ്പിക്കുകയാണുദ്ദേശ്യം.

## നോമ്പുസമയത്ത് അനുവദനീയമായ കാര്യങ്ങൾ

1. ദാഹം ശമിക്കാനും ചൂടകറ്റാനും വേണ്ടി കുളിക്കുക, വെള്ളത്തിൽ മുങ്ങുക തുടങ്ങിയ കാര്യങ്ങൾ അനുവദനീയമാണ്. ഒരു സഹാബി ഉദ്ധരി ക്കുന്നു:

**لَقَدْ رَأَيْتُ رَسُولَ اللهِ ﷺ يَصُبُّ عَلَى رَأْسِهِ الْمَاءَ وَهُوَ صَائِمٌ مِنَ الْعَطَشِ أَوْ مِنَ الْحَرِّ (أحمد ومالك وأبو داود)**

(നോമ്പുകാരനായിരിക്കേ ദാഹം കാരണമായോ ചൂട് കാരണമായോ നബി (സ) തലയിലൂടെ വെള്ളമൊഴിക്കുന്നതു ഞാൻ കണ്ടിട്ടുണ്ട്.)

2. രാത്രി ഉണ്ടായ ജനാബത്ത് പ്രഭാതത്തിൽ നോമ്പ് തുടങ്ങാൻ തടസ്സ മാവുന്നില്ല. പ്രഭാതമായശേഷം കുളിച്ചാലും നോമ്പ് സാധുവാകും. ആയിശ (റ) പറയുന്നു:

**إِنَّ النَّبِيَّ ﷺ كَانَ يُصْبِحُ جُنُبًا وَهُوَ صَائِمٌ ثُمَّ يَغْتَسِلُ (متفق عليه)**

(നബി (സ) നോമ്പുകാരനായിരിക്കേ ജനാബത്തുകാരനായി നേരം പുലരാറുണ്ട് പിന്നെ അദ്ദേഹം കുളിക്കും.)

3. മനഃപൂർവമല്ലാതെ ഭക്ഷണപാനീയങ്ങൾ വല്ലതും ഉള്ളിൽ ചെന്നാലും നോമ്പ് മുറിയുകയില്ല. നബി(സ)യിൽനിന്ന് അബൂഹുറൈറ (റ) റിപ്പോർട്ടു ചെയ്യുന്നു:

**مَنْ نَسِيَ وَهُوَ صَائِمٌ فَأَكَلَ أَوْ شَرِبَ فَلْيُتِمَّ صَوْمَهُ فَإِنَّمَا أَطْعَمَهُ اللَّهُ وَسَقَاهُ**

(ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നുകൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ നോമ്പ് പൂർത്തിയാക്കിക്കൊള്ളട്ടെ. അല്ലാഹുവാണവനെ തീറ്റിയതും കുടിപ്പിച്ചതും.)

4. ഭാര്യയെ ചുംബിച്ചാലും നോമ്പിന് ഭംഗം വരുന്നില്ല. ഉമർ(റ) പറ യുന്നു:

ഒരുനാൾ നോമ്പുണ്ടായിരിക്കെ എനിക്ക് ലൈംഗികാസക്തിയനുഭവ പ്പെട്ടു. ഞാൻ ഭാര്യയെ ചുംബിച്ചു. ഞാൻ നബി(സ)യെ സമീപിച്ചു പറഞ്ഞു: ഞാൻ വലിയൊരപരാധം ചെയ്തിരിക്കുന്നു. ഞാൻ നോമ്പുകാരനായിരി ക്കേ ഭാര്യയെ ചുംബിച്ചുപോയി. നബി(സ) ചോദിച്ചു: നോമ്പ് എടുത്തിരിക്കേ താങ്കൾ വായിൽ വെള്ളം കൊപ്ലിക്കാറില്ലേ? അതേപ്പറ്റി എന്താണ് താങ്കളു ടെ അഭിപ്രായം?

ഞാൻ: അതുകൊണ്ട് കുഴപ്പമില്ല. ചുംബനം കൊണ്ടും നോമ്പിന് ഭംഗം വരികയില്ലെന്ന് നബി (സ) വ്യക്തമാക്കി.

നോമ്പിന് ഭംഗം വരില്ലെങ്കിൽ പോലും വർധിച്ച ലൈംഗികാസക്തിയു ള്ളവർ ചുംബനം ഒഴിവാക്കുന്നതാണ് നല്ലത്. അതു നോമ്പുസമയത്ത് നിഷിദ്ധമായ ലൈംഗികബന്ധത്തിലേക്ക് നയിക്കാൻ കാരണമായേക്കും.

5. ഇഞ്ചക്ഷൻ: വായ, മൂക്ക് തുടങ്ങിയ ശരീരത്തിലെ സാധാരണ ദ്വാര ങ്ങൾ വഴി വല്ലതും ഉള്ളിൽ പ്രവേശിക്കുന്നതിനാൽ മാത്രമേ നോമ്പ് മുറി യുകയുള്ളൂ. അതിനാൽ മരുന്നുകൾ ഇഞ്ചക്ഷൻ ചെയ്യുന്നതുമൂലം നോമ്പ് മുറിയുകയില്ല. എന്നാൽ ശരീരപോഷണാർഥം ഗ്ലൂക്കോസ് കുത്തിവെക്കു ന്നത് നോമ്പിന് ഭംഗം വരുത്തുമെന്ന് അഭിപ്രായമുണ്ട്.

## ശരീരത്തിൽനിന്ന് രക്തമെടുക്കൽ

6. ശരീരത്തിൽനിന്ന് രക്തം കുത്തിയെടുക്കുന്നത് നോമ്പുമുറിയാൻ കാരണമല്ല. നബി(സ) നോമ്പുകാരനായിരിക്കേ കൊമ്പുവെച്ചിരുന്നതായി (فَقَدْ احْتَجَمَ النَّبِيّ ﷺ وَهُوَ صَائِمٌ) ഇമാം ബുഖാരി ഉദ്ധരിച്ചിരിക്കുന്നു.

തലയിൽനിന്നു രക്തമെടുക്കുന്നതിനാണ് കൊമ്പുവെപ്പ് എന്ന് പറയു ന്നത്.

7. നോമ്പുകാരൻ വെള്ളം വായിലാക്കി കുലുക്കിത്തുപ്പുന്നതും മൂക്കിൽ വെള്ളം കയറ്റി ചീറ്റുന്നതും അനുവദനീയമാണ്. എന്നാൽ വായിലും മൂക്കി ലും വെള്ളം കയറ്റുമ്പോൾ കൂടുതൽ ഉള്ളിലേക്ക് കയറ്റാതെ ശ്രദ്ധിക്കണ മെന്ന് മാത്രം. നബി(സ) പറയുന്നു:

**فَإِذَا اسْتَنْشَقْتَ فَأَبْلِغْ إِلَّا أَنْ تَكُونَ صَائِمًا (رواه أصحاب السنن)**

(നീ മൂക്കിൽ വെള്ളം കയറ്റുമ്പോൾ പരമാവധികയറ്റുക, നോമ്പുകാര നെങ്കിലൊഴികെ.) മൂക്കിൽ മരുന്ന് ഉറ്റിക്കുന്നത് നോമ്പുമുറിയാൻ കാരണ മാവും. അത് അകത്തേക്കിറങ്ങുമല്ലോ.

സുഗന്ധദ്രവ്യം ഉപയോഗിക്കുന്നതുകൊണ്ടും നോമ്പ് മുറിയുകയില്ല.

8. ഋതുമതികൾക്കും പ്രസവം കഴിഞ്ഞ സ്ത്രീകൾക്കും പ്രഭാതത്തിനു മുമ്പ് രക്തം നിലച്ചാൽ നോമ്പനുഷ്ഠിക്കാം. പ്രഭാതമായ ശേഷം കുളി ച്ചാൽ മതി.

## നോമ്പ് മുറിയുന്ന കാര്യങ്ങൾ (مُبْطِلاَتُ الصَّوْمِ)

താഴെ വിവരിക്കുന്ന ഏതെങ്കിലുമൊരു കാര്യം സംഭവിച്ചാൽ അത് നോമ്പ് മുറിയാൻ ഇടയാക്കും. അതിനാൽ അതു സംഭവിക്കാതെ സൂക്ഷിക്കേണ്ടതു നോമ്പുകാരന്റെ ബാധ്യതയാണ്. അതിൽതന്നെ ചില സംഗതികൾ ചെയ്ത് നോമ്പ് മുറിഞ്ഞാൽ ആ നോമ്പ് നോറ്റുവീട്ടൽ നിർബന്ധമാണ്. മറ്റു ചില സംഗതികൾ ചെയ്ത് നോമ്പ് മുറിഞ്ഞാൽ നോറ്റുവീട്ടുന്നതോടൊപ്പം പ്രായ ശ്ചിത്തം ചെയ്യുകകൂടി വേണം.

നോമ്പ് മുറിയുകയും നോറ്റുവീട്ടൽ നിർബന്ധമാവുകയും ചെയ്യുന്ന കാര്യങ്ങൾ:

1. **ബോധപൂർവം തിന്നുകയോ കുടിക്കുകയോ ചെയ്യുക.**

നോമ്പുസമയത്ത് തിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് മുറി യുന്നതാണ്. നോമ്പുകാരനാണെന്ന കാര്യം മറന്നുകൊണ്ടോ, അബദ്ധവശാലോ, നിർബന്ധിതനായോ ആണ് തിന്നുകയോ കുടിക്കുകയോ ചെയ്തതെ ങ്കിൽ അതുകൊണ്ട് നോമ്പ് മുറിയുന്നില്ല.

നബി (സ) പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നു:

إِنَّ اللَّهَ وَضَعَ عَنْ أُمَّتِي الْخَطَأَ وَالنِّسْيَانَ وَمَا اسْتُكْرِهُوا عَلَيْهِ (ابن ماجه والطبراني والحاكم)

(അബദ്ധം, മറവി, ബലപ്രയോഗത്തിന് വിധേയമായി ചെയ്യുന്ന കാര്യം എന്നിവ അല്ലാഹു എന്റെ സമുദായത്തിന് ഇളവ് ചെയ്തുകൊടുത്തിട്ടുണ്ട്)

**2. മനഃപൂർവം ഛർദ്ദിക്കുക**

വായിൽ വിരലിട്ടോ മറ്റോ ബോധപൂർവം ഛർദ്ദിക്കുന്നതും നോമ്പ് മുറി യാൻ കാരണമാവും. എന്നാൽ സ്വാഭാവിക ഛർദ്ദികൊണ്ട് നോമ്പ് മുറിയുക യില്ല. നബി(സ) പറഞ്ഞതായി അബൂഹുറൈറ(റ) ഉദ്ധരിക്കുന്നു:

مَنْ ذَرَعَهُ الْقَيْئُ فَلَيْسَ عَلَيْهِ قَضَاءٌ وَمَنْ اسْتَقَاءَ عَمْدًا فَلْيَقْضِ (أبوداود والترمذي وابن حبان والدارقطني والحاكم)

(ഛർദ്ദി ആരെയെങ്കിലും കീഴ്പ്പെടുത്തിയെങ്കിൽ അവൻ നോമ്പ് നോറ്റു വീട്ടേണ്ടതില്ല. ബോധപൂർവം ഛർദ്ദിച്ചവൻ നോറ്റുവീട്ടണം.)

**3. ആർത്തവവും പ്രസവവും**

നോമ്പിന്റെ അവസാന നിമിഷങ്ങളിലായാൽപോലും ആർത്തവരക്ത മോ പ്രസവരക്തമോ പുറപ്പെട്ടുതുടങ്ങിയാൽ നോമ്പ് മുറിയും. അതു പിന്നീട് നോറ്റുവീട്ടുകയും വേണം.

**4. ഇന്ദ്രിയസ്ഖലനം**

ലൈംഗികബന്ധം കാരണമായോ ഭാര്യയെ ചുംബിച്ചതു കാരണമായോ ആലിംഗനം ചെയ്തതിനാലോ മുഷ്ടിമൈഥുനം നിമിത്തമോ ഇന്ദ്രിയം സ്ഖ ലിച്ചാലും നോമ്പ് മുറിയും. എന്നാൽ ഭാര്യയെ നോക്കുക മാത്രം ചെയ്ത തിനാലാണ് ഇന്ദ്രിയം സ്ഖലിച്ചതെങ്കിൽ നോമ്പ് മുറിയുകയില്ല. മദ്യ് പുറപ്പെട്ടതുകൊണ്ടും നോമ്പ് മുറിയുകയില്ല.

**5. മറ്റു വസ്തുക്കൾ അകത്തുചെന്നാൽ**

വായ, മൂക്ക് തുടങ്ങിയ സാധാരണ മാർഗങ്ങളിലൂടെ ഭക്ഷണപാനീയങ്ങ ളല്ലാത്ത മറ്റു വല്ലതും ഉള്ളിൽ ചെന്നാലും നോമ്പു മുറിയും.

**6. നോമ്പ് മുറിക്കാൻ തീരുമാനിച്ചാൽ**

ഒന്നും ഉള്ളിൽ ചെന്നില്ലെങ്കിലും നോമ്പ് മുറിക്കുകയാണെന്ന് തീരു മാനിച്ചാൽ നോമ്പ് മുറിയും.

7. പ്രഭാതമായിട്ടില്ലെന്നോ സൂര്യൻ അസ്തമിച്ചെന്നോ ധരിച്ച് ഭക്ഷണം കഴിക്കുകയും പിന്നീട് ധാരണ തെറ്റിയതായി തെളിയുകയും ചെയ്താലും നോമ്പ് മുറിയുമെന്നാണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെ അഭിപ്രായം. തെറ്റു പറ്റുന്നതും മറവി സംഭവിക്കുന്നതുമായ കാര്യങ്ങളിൽ അല്ലാഹു ഇളവു നല്കിയിട്ടുണ്ടെന്ന ഹദീഥിന്റെ അടിസ്ഥാനത്തിൽ അവമൂലം നോമ്പ് മുറിയുകയില്ലെന്ന് പ്രമുഖ പണ്ഡിതന്മാരിൽ ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

നോമ്പ് നോറ്റുവീട്ടുന്നതോടൊപ്പം പ്രായശ്ചിത്തംകൂടി നിർബന്ധമാവുന്ന കാര്യം ഭാര്യയുമായി ലൈംഗികബന്ധത്തിലേർപ്പെടലാണ്. ഭാര്യ അവളുടെ നോമ്പ് നോറ്റുവീട്ടുകയേ ചെയ്യേണ്ടതുള്ളൂ. എന്നാൽ പുരുഷൻ നോമ്പു നോറ്റു വീട്ടുന്നതോടൊപ്പം പ്രായശ്ചിത്തമായി ഒരു അടിമയെ മോചിപ്പിക്കു കയോ, അതു സാധ്യമല്ലാത്ത സാഹചര്യത്തിൽ രണ്ടുമാസം തുടരെ നോമ്പ നുഷ്ഠിക്കുകയോ, അതും സാധ്യമല്ലെങ്കിൽ തന്റെ കുടുംബത്തിന് നൽകുന്ന രീതിയിൽ അറുപത് അഗതികൾക്ക് മാന്യമായ ഭക്ഷണം നൽകുകയോ ചെയ്യണം. അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു.

إِنَّ رَجُلاً أَفْطَرَ فِي رَمَضَانَ فَأَمَرَهُ رَسُولُ اللَّهِ ﷺ أَنْ يُكَفِّرَ بِعِتْقِ رَقَبَةٍ أَوْ صِيَامِ شَهْرَ يْنِ مُتَتَابِعَيْنِ أَوْ إِطْعَامِ سِتِّينَ مِسْكِينًا (مسلم)

(റമദാനിൽ (ഭാര്യാസംസർഗം വഴി) നോമ്പ് മുറിച്ച ആളോട് ഒരു അടിമ യെ മോചിപ്പിക്കാൻ, അല്ലെങ്കിൽ രണ്ടുമാസം തുടരെ നോമ്പനുഷ്ഠിക്കാൻ, അതുമല്ലെങ്കിൽ അറുപത് അഗതികൾക്ക് ഭക്ഷണം നൽകാൻ നബി(സ) കല്പിച്ചു.)

## നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടൽ

രോഗം, യാത്ര, ആർത്തവം, പ്രസവം തുടങ്ങി ഏതെങ്കിലും കാരണങ്ങ ളാൽ റമദാനിൽ നോമ്പെടുക്കാതിരുന്നാൽ നഷ്ടപ്പെട്ട അത്രയും എണ്ണം നോമ്പുനോറ്റ് വീട്ടൽ നിർബന്ധമാണ്. അത് ഉടനെത്തന്നെ വേണമെന്നില്ല. സൗകര്യംപോലെ അനുഷ്ഠിച്ചാൽ മതി. തുടരെ വേണമെന്നില്ല, ഇടവിട്ടാ വാം. അടുത്ത റമദാൻവരെ നോറ്റുവീട്ടാതെ വൈകിച്ചാൽ ആ റമദാനും കഴിഞ്ഞേ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടാവൂ. എന്നാൽ കാരണമില്ലാതെയാണ് അടുത്ത റമദാനും വിട്ട് വൈകിച്ചതെങ്കിൽ നഷ്ടപ്പെട്ട നോമ്പ് നോറ്റുവീട്ടു ന്നതോടൊപ്പം ഓരോ നോമ്പിനും ഓരോ മുദ്ദ് ഭക്ഷ്യവസ്തു പ്രായശ്ചിത്തം നൽകുകകൂടി വേണമെന്നാണ് ഇമാം ശാഫിഈ, അഹ്മദ്, മാലിക്, ഇസ് ഹാഖ് എന്നിവരുടെ അഭിപ്രായം.

## നോമ്പ് ബാധ്യതയുണ്ടായിരിക്കേ മരിച്ചാൽ

നോമ്പ് ബാധ്യതയുണ്ടായിരിക്കേ ഒരാൾ മരിച്ചാൽ അയാളുടെ അടുത്ത ബന്ധുക്കൾ ആരെങ്കിലും അയാൾക്കുപകരം നോമ്പനുഷ്ഠിച്ചാൽ ബാധ്യത തീരുമോ എന്നതു സംബന്ധിച്ച് പണ്ഡിതന്മാർ രണ്ടുപക്ഷമാണ്. നോമ്പ് നോൽക്കേണ്ടതില്ല, പ്രായശ്ചിത്തമായി ഓരോ നോമ്പിന് ഓരോ മുദ്ദ് ഭക്ഷണപദാർഥം നൽകിയാൽ മതി എന്നാണ് ഭൂരിപക്ഷവും പറയുന്നത്. ശാഫിഈ മദ്ഹബനുസരിച്ച് അയാളുടെ ബന്ധുക്കളിൽ ആരെങ്കിലും അയാൾക്കുവേണ്ടി നോമ്പനുഷ്ഠിക്കുന്നത് അഭികാമ്യമാണ്. അതുമൂലം പരേതൻ ബാധ്യതയിൽ നിന്നൊഴിവാകും. പ്രായശ്ചിത്തമായി ഭക്ഷണം നല്കേണ്ടതില്ല. നബി (സ) പറഞ്ഞതായി ആയിശ (റ) ഉദ്ധരിക്കുന്നു.

مَنْ مَاتَ وَعَلَيْهِ صِيَامٌ صَامَ عَنْهُ وَلِيُّهُ (أحمد والبخاري ومسلم)

(നോമ്പ് ബാധ്യതയുണ്ടായിരിക്കേ ഒരാൾ മരിച്ചാൽ അയാൾക്കുപകരം അയാളുടെ ഉത്തരാധികാരിക്ക് നോമ്പനുഷ്ഠിക്കാവുന്നതാണ്.)

## ധ്രുവപ്രദേശവാസികൾ

ധ്രുവപ്രദേശങ്ങളിൽ അധിവസിക്കുന്നവർ തദ്ദേശങ്ങളിലെ ദീർഘമായ രാപകലുകളിൽ നോമ്പു തുടങ്ങാനും

നമസ്കാര സമയങ്ങളും അപ്രകാരം തന്നെ നിർണയിക്കണം.

## ഖദ്റിന്റെ രാത്രി (ليلة القدر)

റമദാനിലെ ഒരു രാത്രി ഏറെ സവിശേഷതകളുള്ളതാണ്. അതിന് ഖദ്റി ന്റെ രാത്രി ليـــلة الـــقـــدر എന്നു പറയുന്നു. ആയിരം മാസത്തേക്കാൾ പ്രാധാന്യ മുണ്ട് ആ രാത്രിക്ക്.

ആ രാത്രിയിലാണ് ഖുർആൻ അവതരിച്ചുതുടങ്ങിയത് എന്നതാണ് അതിന്റെ പ്രധാന സവിശേഷത. ഖുർആൻ പറയുന്നു:

**إِنَّا أَنْزَلْنَاهُ فِي لَيْلَةِ الْقَدْرِ وَمَا أَدْرٰيکَ مَا لَيْلَةُ الْقَدْرِ لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ(القدر)**

(ഖദ്റിന്റെ രാത്രിയിലാണ് നാം അതു (ഖുർആൻ) അവതരിപ്പിച്ചിരിക്കു ന്നത്. താങ്കൾക്കറിയുമോ ഖദ്റിന്റെ രാത്രി എന്തുമാത്രം പ്രധാനമാണെന്ന്. ഖദ്റിന്റെ രാത്രി ആയിരം മാസത്തിലേറെ ഉത്തമമത്രെ.)

റമദാനിലെ അവസാന പത്തിലെ ഒറ്റ രാവുകളിലായിരിക്കും ലൈല ത്തുൽ ഖദ്റെന്ന് ഹദീഥുകൾ സൂചിപ്പിക്കുന്നു. ആ രാത്രികളിൽ ആരാധന യിൽ മുഴുകാൻ നബി (സ) നിർദ്ദേശിച്ചിട്ടുണ്ട്. നബി(സ) പറയുന്നു:

**تَحَرُّوا لَيْلَةَ الْقَدْرِ فِي الْوِتْرِ مِنَ الْعَشْرِ الْأَوَاخِرِ مِنْ رَمَضَانَ (البخاري)**

(റമദാനിലെ അവസാനപത്തിലെ ഒറ്റ രാത്രികളിൽ നിങ്ങൾ ഖദ്റിന്റെ രാത്രിയെ അന്വേഷിക്കുക.)

ബഹുഭൂരിപക്ഷം പണ്ഡിതന്മാരും അഭിപ്രായപ്പെടുന്നതു റമദാൻ ഇരു പത്തി ഏഴിനാണ് ഖദ്റിന്റെ രാത്രി എന്നത്രെ. നബി(സ) പറഞ്ഞതായി ഇബ്നു ഉമർ (റ) ഉദ്ധരിക്കുന്നു:

**مَنْ كَانَ مُتَحَرِّيهَا فَلْيَتَحَرَّهَا لَيْلَةَ السَّابِعِ وَالْعِشْرِينَ (أحمد)**

(അതിനെ അന്വേഷിക്കുന്നവർ ഇരുപത്തി ഏഴിന്റെ രാത്രിയിൽ അതു അന്വേഷിച്ചുകൊള്ളട്ടെ.)

ഖദ്റിന്റെ രാത്രിയിലെ നമസ്കാരത്തിനും പ്രാർഥനയ്ക്കും പ്രത്യേകം പ്രാധാന്യമുണ്ട്. നബി(സ) പറഞ്ഞതായി അബൂഹുറൈറ (റ) ഉദ്ധരിക്കുന്നു:

**مَنْ قَامَ لَيْلَةَ الْقَدْرِ إِيمَانًا وَاحْتِسَابًا غُفِرَلَهُ مَا تَقَدَّمَ مِنْ ذَنْبِهِ (متفق عليه)**

ഖദ്റിന്റെ രാത്രി താഴെ പറയുന്ന ദിക്ർ പ്രത്യേകം സുന്നത്താണ്. ആയിശ (റ) പറയുന്നു:

**قُلْـتُ: يَـا رَسُولَ اللّٰهِ أَرَأَيْت إِنْ عَلِمْتُ أَيُّ لَيْلَةُ الْقَدْرِ مَا أَقُولُ فِيهَا. قَالَ: قَوْلِي: اَللّٰهُمَّ إِنَّکَ عَفُوٌّ تُحِبُّ الْعَفْوَ فَاعْفُ عَنِّي (أحمد وابن ماجه والترمذي)**

(ഞാൻ ചോദിച്ചു: അല്ലാഹുവിന്റെ ദൂതരേ, ഖദ്റിന്റെ രാത്രി ഏതെന്ന് അറിഞ്ഞാൽ ഞാൻ എന്തു പറയണം? നബി (സ) പറഞ്ഞു.

അല്ലാഹുവേ, നീ മാപ്പരുളുന്നവനാണ്. നിനക്ക് മാപ്പ് ഇഷ്ടവുമാണ്. അതിനാൽ എന്നോട് മാപ്പാക്കേണമേ, എന്ന് നീ പറയുക.)

## ഇഅ്തികാഫ് (الاعتكاف)

ഒരു കാര്യത്തിൽ നിരതമാകുക, ഭജനമിരിക്കുക എന്നെല്ലാമാണ് 'ഇഅ് തികാഫി'ന്റെ അർഥം. അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് പള്ളിയിൽ കഴി ഞ്ഞുകൂടുന്നതിന് ഇഅ്തികാഫ് എന്ന് പറയുന്നു. അത് നബിചര്യയിൽ പെട്ടതാണ്. റമദാനിൽ ഇഅ്തികാഫിന് പ്രത്യേകം പ്രാധാന്യമുണ്ട്.

**كَانَ النَّبِيُّ ﷺ يَعْتَكِفُ فِي كُلِّ رَمَضَانَ عَشَرَةَ أَيَّامٍ فَلَمَّا كَانَ الْعَامُ الَّذِي قُبِضَ فِيهِ اِعْتَكَفَ عِشْرِينَ يَوْمًا (البخاري)**

(നബി (സ) ഓരോ റമദാനിലും പത്ത് ദിവസം ഇഅ്തികാഫ് ഇരിക്കാ റുണ്ടായിരുന്നു. എന്നാൽ നബി(സ) മരിച്ച കൊല്ലമായപ്പോൾ ഇരുപതു ദിവസം ഇഅ്തികാഫിരുന്നു.)

ഇഅ്തികാഫ് രണ്ടുവിധമുണ്ട്. ഒന്ന്. ഐഛികം (سنة) രണ്ട്: നിർബന്ധം (واجب)

പുണ്യമെന്ന നിലയ്ക്കു നബി(സ)യെ പിൻപറ്റുക എന്ന ഉദ്ദേശത്തോടെ അല്ലാഹുവിൽ നിന്നുള്ള പ്രതിഫലം കൊതിച്ചുകൊണ്ട് അനുഷ്ഠിക്കുന്ന താണ് സുന്നത്ത്. റമദാനിൽ അത് കൂടുതൽ പ്രബലമാണ്. ഇഅ്തികാഫ് നേർച്ചയാക്കിയാൽ അതാണ് നിർബന്ധമായ ഇഅ്തികാഫ്. നബി (സ) പറഞ്ഞു.

**مَنْ نَذَرَ أَنْ يَطِيعَ اللّٰهَ فَلْيُطِعْهُ (البخارى)**

(അല്ലാഹുവിനെ അനുസരിക്കാൻ നേർച്ചയാക്കിയവൻ അവനെ അനു സരിക്കട്ടെ.)

ഇഅ്തികാഫ് നേർച്ചയാക്കിയാൽ എത്രകാലം ഇഅ്തികാഫനുഷ്ഠി ക്കാനാണോ നേർച്ചയാക്കിയത് അത്രയും കാലം അതനുഷ്ഠിക്കൽ നിർബ ന്ധമാണ്. എന്നാൽ സുന്നത്തായ ഇഅ്തികാഫിന് നിശ്ചിത സമയമില്ല. സുന്നത്തായി ഇഅ്തികാഫുദ്ദേശിച്ചശേഷം അത് തീർത്തും ഉപേക്ഷിക്കാം. ഇടയ്ക്ക് വെച്ച് അവസാനിപ്പിക്കുകയുമാവാം.

ജനാബത്ത്, ആർത്തവം, പ്രസവരക്തം എന്നിവയിൽ നിന്നെല്ലാം ശുദ്ധി യായ വിവേകപ്രായമെത്തിയ മുസ്ലിമായ ഏതു പുരുഷനും സ്ത്രീക്കും ഇഅ്തികാഫ് അനുഷ്ഠിക്കാം.

ഇഅ്തികാഫിന് രണ്ട് നിർബന്ധ ഘടക(ركن)ങ്ങളുണ്ട്.

1. ഇഅ്തികാഫ് അനുഷ്ഠിക്കുന്നു എന്ന നിയ്യത്ത്.
2. അത് അനുഷ്ഠിക്കുന്നതു പള്ളിയിലാവുക.

ഇഅ്തികാഫിരിക്കാവുന്ന പള്ളി ഏത് എന്നതു സംബന്ധിച്ച് രണ്ട് പക്ഷമുണ്ട്. 1. ഏതു പള്ളിയിലുമാവാം. 2. അഞ്ച് നേരവും ജമാഅത്തു നമ സ്കാരം നടക്കുന്ന പള്ളിയാവണം.

ഏതു പള്ളിയിലും ഇഅ്തികാഫാകാം എന്നാണ് ഇമാം മാലിക്, ശാഫിഈ, ദാവൂദുള്ളാഹിരീ (റ) എന്നിവരുടെ അഭിപ്രായം.

കൂടിയുണ്ട്. സ്ത്രീകൾ വീട്ടിലെ ആരാധനാ മുറിയിൽ ഇഅ്തികാഫിരുന്നാൽ അത് ഇഅ്തികാഫാവുകയില്ല എന്ന താണ് ഭൂരിപക്ഷം പണ്ഡിതന്മാരുടെയും അഭിപ്രായം. നബി(സ)യുടെ ഭാര്യമാർ മസ്ജിദുന്നബവിയിലാണ് ഇഅ്തികാഫിരുന്നിരുന്നത്. അനിവാര്യ കാര്യങ്ങൾക്കല്ലാതെ ഇഅ്തികാഫിരിക്കുന്നയാൾ പള്ളിയിൽനിന്നു പുറത്തു പോകരുത്.

## ഇഅ്തികാഫും നോമ്പും

ഇഅ്തികാഫിന് നോമ്പ് ഉപാധിയല്ല. നോമ്പനുഷ്ഠിക്കാതെയും ഇഅ് തികാഫിരിക്കാം. നോമ്പനുഷ്ഠിച്ചാൽ കൂടുതൽ ഉത്തമമായി. നബി(സ) റമദാനിൽ ഇഅ്തികാഫ് ഇരുന്നതായാണ് ഹദീഥുകളിൽനിന്ന് മനസ്സിലാ കുന്നത്.

## ഇഅ്തികാഫ് തുടങ്ങേണ്ട സമയം

ഇഅ്തികാഫിന് സമയം നിർണയിച്ചിട്ടില്ലെങ്കിൽ ഏതു സമയത്തും തുടങ്ങാം. എപ്പോൾ വേണമെങ്കിലും അവസാനിപ്പിക്കുകയുമാവാം. രാത്രി ഇഅ്തികാഫിരിക്കാനാണ് തീരുമാനമെങ്കിൽ സൂര്യാസ്തമയം പൂർണമാ വുംമുമ്പ് പള്ളിയിൽ പ്രവേശിക്കണം. പ്രഭാതമായെന്ന് പൂർണ ബോധ്യം വരുത്തിയശേഷമേ പുറത്തു പോകാവൂ. റമദാൻ അവസാന പത്തിൽ ഇഅ് തികാഫിരിക്കാനാണ് തീരുമാനമെങ്കിൽ ഇരുപത് പൂർത്തിയായശേഷം ഇരുപത്തി ഒന്നിന്റെ രാത്രി തുടങ്ങുന്നതിനുമുമ്പ് പള്ളിയിൽ പ്രവേശിക്ക ണം. റമദാനിന്റെ അവസാന ദിവസം സൂര്യൻ അസ്തമിച്ചശേഷമേ പുറത്ത് പോവാൻ പാടുള്ളൂ.

## ഇഅ്തികാഫിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ഇഅ്തികാഫനുഷ്ഠിക്കുന്നവർ നമസ്കാരം, ഖുർആൻ പാരായണം, പഠനം, മറ്റു ഇസ്‌ലാമിക ഗ്രന്ഥങ്ങളുടെ പഠനപാരായണം, ദിക്റ്, തസ്ബീഹ്, തഹ്‌ലീൽ, പ്രാർത്ഥന, ഇസ്തിഗ്ഫാർ, സ്വലാത്ത് ആദിയായ സത്കർമങ്ങ ളിൽ മുഴുകിയിരിക്കേണ്ടതാണ്. അനാവശ്യ വാഗ് – കർമങ്ങളിൽ നിന്നെല്ലാം വിട്ടുനിൽക്കുകയും വേണം. അനാവശ്യ മൗനമോ പ്രയാസമുണ്ടാക്കുന്ന മറ്റു രീതികളോ അഭികാമ്യമല്ല. ഇഅ്തികാഫിനിടയിൽ ഭാര്യയുമായി ലൈംഗികബന്ധം പാടില്ല. ഇഅ്തികാഫിനായി പള്ളിയിൽ പായകൊണ്ടോ തുണികൊണ്ടോ സ്വന്തമായി ഒരിടം മറച്ച് വേർതിരിക്കാവുന്നതാണ്. എന്നാ ലത് മറ്റുള്ളവർക്ക് അസൗകര്യമുണ്ടാക്കുന്ന വിധമാവരുത്.

## അനുവദനീയ കാര്യങ്ങൾ

കുടുംബത്തെ വീട്ടിലെത്തിക്കാൻ പള്ളിയിൽനിന്ന് പുറത്തുപോവുക, മുടിചീകുക, മുടികളയുക, നഖം മുറിക്കുക, ശരീരവും വസ്ത്രവും വൃത്തി യാക്കുക, സുഗന്ധംപുരട്ടുക, പ്രാഥമികാവശ്യങ്ങൾക്കുവേണ്ടി പുറത്തുപോ വുക, പള്ളിയിൽവെച്ച് ഭക്ഷണം കഴിക്കുക, പള്ളിയിൽ ഉറങ്ങുക തുടങ്ങിയ കാര്യങ്ങൾ ഇഅ്തികാഫനുഷ്ഠിക്കുന്ന ആൾക്ക് അനുവദനീയമാണ്.

## ഇഅ്തികാഫിനു ഭംഗം വരുത്തുന്ന കാര്യങ്ങൾ

അല്പസമയത്തേക്കാണെങ്കിലും അനാവശ്യമായി പള്ളിയിൽനിന്ന് പുറ ത്തു പോവുക, മതപരിത്യാഗം, ഭ്രാന്തോ ലഹരിപദാർഥങ്ങളുടെ ഉപയോ ഗമോ കാരണം ബുദ്ധിഭ്രംശം സംഭവിക്കുക, ആർത്തവം, പ്രസവരക്തം, സംഭോഗം എന്നിവ ഇഅ്തികാഫിന് ഭംഗം വരുത്തും. ഭാര്യയെ തൊടുന്ന തുകൊണ്ട് ഇഅ്തികാഫ് ഭംഗപ്പെടുകയില്ല. എന്നാൽ ചുംബനം, ആലിം ഗനം തുടങ്ങിയവ പാടില്ല.

സുന്നത്തായ ഇഅ്തികാഫ് ഇടയ്ക്കുവെച്ച് നിറുത്തേണ്ടിവന്നാൽ അത് അനുഷ്ഠിച്ച് വീട്ടൽ നിർബന്ധമില്ല. താത്പര്യമുണ്ടെങ്കിൽ അനു ഷ്ഠിക്കാ മെന്നുമാത്രം. നിർബന്ധമായ ഇഅ്തികാഫാണെങ്കിൽ അത് അനുഷ്ഠിച്ച് തീർക്കേണ്ടതുണ്ട്.

മസ്ജിദുൽ ഹറാം, മസ്ജിദുന്നബവി, മസ്ജിദുൽ അഖ്സാ എന്നീ പള്ളി കളിൽ ഏതിലെങ്കിലും ഇഅ്തികാഫിരിക്കാൻ നേർച്ചയാക്കിയാൽ അവിടെ തന്നെ വേണം ഇഅ്തികാഫിരിക്കുന്നത്. മറ്റു പള്ളികളിൽ ഏതിലെങ്കിലു മാണ് ഇഅ്തികാഫിരിക്കാൻ നേർച്ചയാക്കിയതെങ്കിൽ ആ നിർണിത പള്ളി യിൽതന്നെ ഇരിക്കണമെന്നില്ല. ഏതു പള്ളിയിൽ ഇരുന്നാലും ബാധ്യത തീരും. മറ്റു പള്ളികൾക്കെല്ലാം തുല്യ പ്രാധാന്യമാണുള്ളത് എന്നതാണ് കാരണം.